സത്വരാന്വേഷണം നടന്നുവരുന്നു. 2 പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. വി.സി.7/13/തൃശ്ശൂർ, വി.സി.18/12/തൃശ്ശൂർ എന്നിവയാണ് അന്വേഷണം നടക്കുന്നത്. ഒരു വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവ് നൽകിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് സ്റ്റേയിൽ ആണ്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

264 (266) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഇതുവരെ അറസ്റ്റ് ചെയ്ത പ്രതികളുടെ എണ്ണവും ഇനിയും അറസ്റ്റ് ചെയ്യാനുള്ള പ്രതികളുടെ എണ്ണവും ലഭ്യമാക്കുമോ ;

(സി) ഈ കേസ്സുകളിൽ പുനരന്വേഷണം പൂർത്തിയാക്കിയവ എത്ര ; പൂർത്തിയാക്കാത്തവ എത്ര ; വിചാരണ പൂർത്തിയാക്കിയത് എത്ര ; ശിക്ഷിക്കപ്പെട്ട പ്രതികളുടെ എണ്ണവും വിട്ടയച്ച പ്രതികളുടെ എണ്ണവും എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 4362 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 321 പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(സി) 3122 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട്. 75 കേസുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ല. 142 കേസുകളിൽ വിചാരണ പൂർത്തിയായിട്ടുണ്ട്. 70 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. 87 പ്രതികളെ വിട്ടയയ്ക്കുകയും ചെയ്തിട്ടുണ്ട്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായ നടപടി

265 (267) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) 2014-ൽ സംസ്ഥാനത്ത് മന്ത്രവാദത്തെത്തുടർന്ന് എത്ര പേർ കൊല്ലപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി ജനങ്ങളെ ബോധവത്ക്കരിക്കാനുതകുന്ന എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഡി) ഇപ്രകാരമുള്ള കൊലപാതകക്കേസ്സുകളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാത്തതുമൂലം ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 2 പേർ.

(ബി) ഇല്ല.

(സി) പഞ്ചായത്ത് ജനകീയ സമിതികളുടെയും ജനമൈത്രി പോലീസിന്റെയും സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെയും നേതൃത്വത്തിലും സഹകരണത്തോടുംകൂടി ഇക്കാര്യത്തിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരത്തിലുള്ള കൊലപാതക കേസുകളിൽ കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

266 (268) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മന്ത്രിമാർ ഇപ്പോൾ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട് ; ഏതെല്ലാം കേസുകളിൽ ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഏതെല്ലാം മന്ത്രിമാർക്കെതിരെ എത്രവീതം വിജിലൻസ് കേസുകളോ, അന്വേഷണമോ നടക്കുന്നുണ്ടായിരുന്നു ; അവയിൽ അവശേഷിക്കുന്നവ എത്ര ;

(സി) മന്ത്രിമാർ ഉൾപ്പെട്ട എതെങ്കിലും കേസ് തള്ളിക്കളയാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് കോടതിയോട് ആവശ്യപ്പെടുകയുണ്ടായോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly